# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2781 07/12/2018 ൽ മറുപടിക്ക്**

**ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തിക മാറ്റം**

**ചോദ്യം:**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**ഉത്തരം:**
**ശ്രീ. എ.കെ. ബാലൻ**
**പട്ടികജാതി, പട്ടിക വർഗ്ഗ, പിന്നാക്കക്ഷേമ, സാംസ്കാരിക, നിയമ, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി**

| | | |
|---|---|---|
| (എ) | ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് തസ്തിക മാറ്റം വഴിയുള്ള നിയമന രീതി വ്യക്തമാക്കുമോ; | 1967 ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 4 (എ), കാറ്റഗറി 7 ൽ പറഞ്ഞിരിക്കുന്നത് പ്രകാരമാണ് ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നടത്തുന്നത്. പ്രസ്തുത ചട്ടം ഇപ്രകാരമാണ്.<br>(i) Direct Recruitment<br>OR<br>(ii) Appointment from Assistant Tamil Translators and Assistant Kannada Translators<br>OR<br>(iii) Appointment or promotion from any other category in Kerala Secretariat Subordinate Service<br>OR<br>(iv) Transfer from any category in any Departments under the Government or in the service of the High Court of Kerala. |
| (ബി) | തസ്തിക മാറ്റം വഴിയുള്ള | പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല |

| | | |
|---|---|---|
| | നിയമനം സെക്രട്ടേറിയറ്റ് വിഭാഗത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | |
| (സി) | നിലവിലെ വിശേഷാൽച്ചട്ടത്തിന് (special rules) വിരുദ്ധമായി നിയമ വകുപ്പിൽ നിന്ന് 17450/ഭരണ II(2)/2018/നിയമം തീയതി 8/8/2018 എന്ന കത്ത് പി എസ് സി യ്ക്ക് അയച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ; കത്തിന്റെ അടിസ്ഥാനത്തിൽ പി. എസ്.സി. എന്തെങ്കിലും മറുപടി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് 08/08/2018 ലെ 17450/ഭരണ II(2)/2018/നിയമം നമ്പർ കത്തിലൂടെ അഭ്യർത്ഥിക്കുകയും, ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ വിജ്ഞാപന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി 26/09/2018 തീയതിയിലെ ജി. ആർ. II C (2) 16480/11/GW നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ഡി) | സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി തസ്തികമാറ്റം വഴി നിയമനത്തിന് പി.എസ്.സി. യ്ക്ക് നിയമ വകുപ്പ് കത്ത് നൽകിയത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ സർക്കുലറിന്റെ അടിസ്ഥാനത്തിലോ ആണെന്ന് വ്യക്തമാക്കുമോ; കോപ്പി ലഭ്യമാക്കുമോ; | ജീവനക്കാരുടേയും സംഘടനകളുടേയും അഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ് കത്ത് നൽകിയിട്ടുള്ളത്. |
| (ഇ) | മുകളിൽ പറഞ്ഞിരിക്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് സ്വീകരിച്ച തുടർ നടപടികളെ കുറിച്ച് വ്യക്തമാക്കുമോ; ഫയലിന്റെ മുഴുവൻ പകർപ്പും ലഭ്യമാക്കുമോ; നേരിട്ടുള്ള നിയമം ഒഴിച്ച് മറ്റ് വിഭാഗങ്ങൾക്കും സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾക്കും സെക്രട്ടേറിയറ്റിന് പുറത്തുള്ള നിയമ ബിരുദധാരികൾക്കും നൽകുന്ന അനുപാതം | പ്രസ്തുത വിഷയം സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളുടെയും, വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കത്ത് പിൻവലിച്ചതായും തുടർ നടപടികൾ ആവശ്യമില്ലെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ 02/11/2018 ലെ 17450/ഭരണ II(2)/2018/നിയമം നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. സെക്രട്ടേറിയറ്റ് വിഭാഗത്തിന് 30 ശതമാനവും, മറ്റ് വകുപ്പുകളിൽ നിന്നുള്ളവർക്ക് 20 ശതമാനവും എന്ന അനുപാതമാണ് |

| | | |
|---|---|---|
| | എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ ഒരു വിഭാഗത്തിൽ ആളില്ലാതെ വന്നാൽ മുൻകാലങ്ങളിൽ ചെയ്തിരുന്ന രീതി എന്തെന്ന് വ്യക്തമാക്കുമോ; മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ എന്തു കൊണ്ട് ഇത്തരത്തിൽ ഒരു കത്ത് പി.എസ്.സി.ക്ക് നൽകിയെന്ന് വ്യക്തമാക്കുമോ? | നിശ്ചയിച്ചിട്ടുള്ളത്. സെക്രട്ടേറിയറ്റ് വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗത്തിൽ നിന്നും നികത്തേണ്ടതും, മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും നികത്തേണ്ടതും, സെക്രട്ടേറിയറ്റ് വിഭാഗം, മറ്റ് വകുപ്പുകൾ ഉൾപ്പെടുന്ന വിഭാഗങ്ങളിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ നേരിട്ടുള്ള വിഭാഗത്തിൽ നിന്നും നികത്തേണ്ടതുമാണ്. ജീവനക്കാരുടേയും അവരുടെ സംഘടനകളുടേയും അഭ്യർത്ഥന പ്രകാരമാണ് കത്തെഴുതിയത്. ഫയലിന്റെ പകർപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

നം: 17450/ഭരണ II(2)/2018/നിയമം

നിയമ (ഭരണ II) വകുപ്പ്

## കുറിപ്പുകൾ

വിഷയം : നിയമ (ഭരണ II) വകുപ്പ് - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ നിവേദനം - സംബന്ധിച്ച്

സൂചന : ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ 31/07/2018 തീയതിയിലെ നിവേദനം.

(1) സൂചന നിവേദനം സദയം കണ്ടാലും.

(2) 1967 ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് ജീവനക്കാരാണ് തങ്ങളെന്നും, സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്കായി 123/2013

കാറ്റഗറി നമ്പർ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ 23 ഉദ്യോഗാർത്ഥികളിൽ 21 പേർക്കും നിയമനം ലഭിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന 2 പേർക്ക് കൂടി നിയമനം നൽകുന്നതോടു കൂടി ടി റാങ്ക് ലിസ്റ്റ് അവസാനിക്കുമെന്നും സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്കുള്ള റാങ്ക് ലിസ്റ്റിന്റെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ ഇതര വിഭാഗത്തിനായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകേണ്ടതായി വരുമെന്നുള്ളതിനാൽ, ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിക്കണം എന്നുമാണ് 24 സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർ ഒപ്പിട്ട നിവേദനത്തിലൂടെ അപേക്ഷിച്ചിട്ടുള്ളത്.

(3) സൂചന നിവേദനം വിശദമായി പരിശോധിച്ചു. നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ -

നം: 17450/ഭരണ II(2)/2018/നിയമം

നിയമ (ഭരണ II) വകുപ്പ്

[1] വിശേഷാൽ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ജീവനക്കാർ സെക്രട്ടേറിയറ്റിലെ പൊതുഭരണ- ധനകാര്യ- നിയമ വകുപ്പുകളിൽ ജോലി ചെയ്യുന്നുണ്ട്.

[2] കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ 2 പേർക്ക് കൂടി നിയമനം ലഭിക്കുന്നതോടു കൂടി ടി ലിസ്റ്റ് അവസാനിക്കുന്നതാണ്.

[3] ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലെങ്കിൽ, പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമന വിഭാഗത്തിനും തസ്തികമാറ്റ (ഇതര വകുപ്പുകൾ) വിഭാഗത്തിനും ആയി വകമാറ്റാൻ സാധ്യതയുണ്ട്.

[4] ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ജീവനക്കാർ ഉള്ളതിനാൽ, അടിയന്തിരമായി പരീക്ഷ

നടത്തി അർഹതപ്പെട്ട ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(4) സൂചന നിവേദനത്തിലുന്നയിച്ചിരിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ബാധകമായിട്ടുള്ള 1967 ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പരിശോധിച്ചു. പ്രസ്തുത വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 4 (എ), കാറ്റഗറി 7 ൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II ന്റെ നിയമന രീതി വ്യക്തമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 4 രീതിയിലാണ് നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിയമനം നടത്തേണ്ടത്. അവ ചുവടെ പറയുന്നു;

(i) നേരിട്ടുള്ള നിയമനം

(ii) അസിസ്റ്റന്റ് തമിഴ് ട്രാൻസ്ലേറ്റർമാരിൽ നിന്നും അസിസ്റ്റന്റ് കന്നഡ ട്രാൻസ്ലേറ്റർമാരിൽ നിന്നുമുള്ള നിയമനം

(iii) കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ മറ്റ് തസ്തികകളിൽ നിന്നുള്ള നിയമനം

അല്ലെങ്കിൽ സ്ഥാനക്കയറ്റം.

(iv) ഏതെങ്കിലും സർക്കാർ വകുപ്പിലെ അല്ലെങ്കിൽ കേരള ഹൈക്കോടതി സർവ്വീസിലെ ഏതെങ്കിലും തസ്തികകളിൽ നിന്നുള്ള മാറ്റം.

ആകെ ഒഴിവുകളിൽ 50 ശതമാനം 1 ഉം 2 ഉം നിയമന രീതി മുഖനയും ബാക്കി 50 ശതമാനം 3 ഉം 4 ഉം നിയമന രീതിയിലും നടത്തേണ്ടതാണെന്നും, ഒഴിവുകൾ 10 ന്റെ ഒരു സൈക്കിളിൽ 1, 3, 5, 7, 9 എന്നിവ 1, 2 നിയമന രീതിക്കായും, 2, 4, 6 എന്നിവ 3-ആം നിയമന രീതിക്കായും, 8, 10 ഒഴിവുകൾ 4-ആം നിയമന രീതിക്കായും മാറ്റിവക്കണമെന്നും കാറ്റഗറി 7-ന് താഴെയുള്ള നോട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിയമനത്തിനായി, മൂന്നാം വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ നാലാം വിഭാഗത്തിൽ നിന്നും നികത്തേണ്ടതും, നാലാം വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ മൂന്നാം വിഭാഗത്തിൽ നിന്നും നികത്തേണ്ടതും, മൂന്നും നാലും

വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ ഒന്നാം വിഭാഗത്തിൽ നിന്നും നികത്തേണ്ടതും ആണെന്ന് വിശേഷാൽ ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. (In the absence of qualified persons fo appointment by the method specified in item (iii) of the method of appointment, such vacancies shall be filled up by the method specified in item (iv) of the method of appointment and vice versa. If qualified persons are not available for appointment by the method specified in items (iii) and (iv) of the methods of appointment, such vacancies shall be filled up by direct recruitment)

1, 3, 4 നിയമന രീതികളിലെ റിക്രൂട്ട്മെന്റുകൾ നടത്തേണ്ടത് ചട്ട പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മിഷനാണ്.

(5) 1967 ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 9 കാറ്റഗറി 7

പ്രകാരം ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിനുള്ള യോഗ്യത ചുവടെ പറയുന്നു;

1. അംഗീകൃത സർവ്വകലാശാല നിയമ ബിരുദം
2. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ കുറഞ്ഞത് 3 വർഷ സേവനം
3. പ്രായപരിധി 50 വയസിൽ കവിയരുത്

നിലവിൽ 20 ലധികം സെക്രട്ടേറിയറ്റ് ജീവനക്കാർ മേൽ യോഗ്യത ആർജിച്ചിട്ടുള്ളവരാണ്. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 4 (എ), കാറ്റഗറി 7 ന് താഴെയുള്ള നോട്ട് പ്രകാരം നിയമനത്തിനായി, <u>**മൂന്നാം വിഭാഗത്തിൽ യോഗ്യരായ വ്യക്തികളുടെ അഭാവത്തിൽ**</u> ഉണ്ടാകുന്ന ഒഴിവുകൾ മാത്രമാണ് മറ്റ് വിഭാഗങ്ങളിലേക്ക് മാറ്റി നൽകേണ്ടത്. (In the <u>absence of qualified persons for appointment</u> by the method specified in item

(iii) of the method of appointment, such vacancies shall be filled up by the method specified in item (iv) of the method of appointment and vice versa. **വിശേഷാൽ ചട്ട പ്രകാരം നിലവിൽ സെക്രട്ടേറിയറ്റിൽ യോഗ്യരായ ജീവനക്കാർ ഉള്ളതിനാൽ മൂന്നാം നിയമന വിഭാഗത്തിൽ (സെക്രട്ടേറിയറ്റ് വിഭാഗം) ഉണ്ടാകുന്ന ഒഴിവുകൾ മറ്റ് നിയമന വിഭാഗങ്ങളിലേക്ക് മാറ്റി നൽകുന്നത് ചട്ടവിരുദ്ധമാകും.**

(6) 1, 3, 4 നിയമന രീതികൾ വഴി ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്യുന്നതിനായി 15/05/2013 തീയതിയിലെ ഗസറ്റ് പ്രകാരം 3 വ്യത്യസ്ത വിജ്ഞാപനങ്ങൾ (കാറ്റഗറി നം. 121/2013, 122/2013, 123/2013) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പുറപ്പെടുവിക്കുകയും അതു പ്രകാരം 3 വ്യത്യസ്ത റാങ്ക് ലിസ്റ്റുകൾ [Ranked List No. 905/2017/SSVII for Categtory 121/2013, Ranked List No. 906/2017/SSVII for Category No. 122/2013, Ranked List No.

നം: 17450/ഭരണ II(2)/2018/നിയമം

നിയമ (ഭരണ II) വകുപ്പ്

907/2017/SSVII for Category No. 123/2013] 25/09/2017 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും മൂന്ന് റാങ്ക് ലിസ്റ്റിൽ നിന്നും പ്രത്യേകം പ്രത്യേകം നിയമന ശിപാർശകൾ ബഹു. കമ്മീഷൻ നടത്തുകയും ചെയ്യുന്നുണ്ട്. സെക്രട്ടേറിയറ്റ് വിഭാഗത്തിനായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽ കേവലം 2 ഉദ്യോഗാർത്ഥികൾ മാത്രമാണ് അവശേഷിക്കുന്നത്. അവർ രണ്ട് പേരും നിലവിൽ ഗസറ്റഡ് തസ്തികകളിലാണ് ജോലി ചെയ്യുന്നത്. ഇവരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് നിയമന ശിപാർശ ചെയ്യുമ്പോൾ പ്രസ്തുത ജോലിക്കായി ഹാജരായില്ലെങ്കിൽ ആയത് എൻ.ജെ.ഡി. ഒഴിവുകളായി റിപ്പോർട്ട് ചെയ്യേണ്ടതും, ഭാവി നിയമനങ്ങൾക്ക് കാലതാമസം നേരിടാനും സാധ്യതയുണ്ട്. ആയതിനാൽ യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബഹു.

നം: 17450/ഭരണ II(2)/2018/നിയമം

നിയമ (ഭരണ II) വകുപ്പ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെടാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ സമർപ്പിക്കുന്നു.

4/8/2018 4/8/18

8.8.18

7) കൂടി കണ്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

8/8/18 8/8/18

8.8.18

സജീവ് എസ് ...
ജോയിന്റ് സെക്രട്ടറി
നിയമ വകുപ്പ്
ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

നിയമ സെക്രട്ടറി

നം.17450/ഭരണII(2)/2018/നിയമം.
നം.19559/ഭരണII(2)/2018/നിയമം.

നിയമ (ഭരണ-II ) വകുപ്പ്

## ചംക്രമണക്കുറിപ്പ്

8. ലീഗൽ അസിസ്റ്റന്റ് (സെക്രട്ടറിയേറ്റ്) വിഭാഗം ജീവനക്കാരിൽ നിന്ന് തസ്തികമാറ്റനിയമനത്തിനുള്ള പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി ഈ വകുപ്പിൽ നിന്നും പി.എസ്.സി-ക്ക് നൽകിയ 08/08/2018-ലെ നം.17450/ഭരണ /2018 കത്ത് പിൻവലിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ ഫയലിലെ കൈകാര്യ വിഷയം.

9. നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ സെക്രട്ടറിയേറ്റ് സർവ്വീസിൽ നിന്ന് തസ്തികമാറ്റം വഴി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ മുഴുവൻ പേരെയും നിയമിച്ച് കഴിഞ്ഞിട്ടുണ്ടെന്നും. സെക്രട്ടറിയേറ്റ് സർവ്വീസിൽപ്പെട്ടവർക്ക് മാത്രമായി പി.എസ്.സി പരീക്ഷ നടത്തി റാങ്കലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും അങ്ങനെ വന്നാൽ നിലവിലുള്ള നിയമനവ്യവസ്ഥയ്ക്ക് വിരുദ്ധവും മറ്റുവകുപ്പുകളിൽ നിന്നും തസ്തിക മാറ്റനിയമനത്തിനായുള്ള റാങ്ക്ലിസ്റ്റിൽഉൾപ്പെട്ടവരോടുള്ള നീതി നിഷേധമാവുമെന്നും ചൂണ്ടികാട്ടി എൻ. ജി. ഒ യൂണിയൻ ജനറൽ സെക്രട്ടറി 29.08.2018-ൽ ബഹു. നിയമവകുപ്പ് മന്ത്രിമുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ച് സമർപ്പിക്കുവാൻ ബഹു.നിയമ വകുപ്പ് മന്ത്രി നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

10. പ്രസ്തുത വിഷയുമായി ബന്ധപ്പെട്ട് കേരള സെക്രട്ടേറിയറ്റ് എംപ്ളോയീസ് അസോസിയേഷൻ പ്രസിഡന്റ് നിയമവകുപ്പ് സെക്രട്ടറി മുമ്പാകെ 31.07.2018-ൽ നിവേദനം സമർപ്പിച്ചിട്ടുള്ളതാകുന്നു. ലീഗൽ അസിസ്റ്റന്റ് (സെക്രട്ടറിയേറ്റ്) തസ്തികമാറ്റനിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ കേവലം രണ്ട് ഉദ്യോഗാർത്ഥികൾ മാത്രമാണ് ഇനി നിയമനത്തിനായി അവശേഷിക്കുന്നതെന്നും. കൂടാതെ ഇവർ രണ്ടുപേരും ഗസറ്റഡ് തസ്തികകളിൽ ജോലിചെയ്യുന്നവരാണെന്നും ഇവരെ നിയമശുപാർശ നൽകുമ്പോൾ ജോലിക്ക് ഹാജരായില്ലെങ്കിൽ ആയത് എൻ.ജെ.ഡി ഒഴിവുകളായി റിപ്പോർട്ട് ചെയ്യേണ്ടി വരികയും കൂടാതെ ഭാവി നിയമന

ങ്ങൾക്ക് കാലതാമസം നേരിടാൻ സാധ്യതയുണ്ടെന്നും, ആയതിനാൽ യോഗ്യതയുള്ള സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നുള്ള ആവശ്യമുന്നയിച്ചാണ് കത്ത് നൽകിയിട്ടുള്ളത്. പ്രസ്തുത കത്തിൻെറ അടിസ്ഥാനത്തിൽ ലീഗൽ അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്) തസ്തികമാറ്റ നിയമനത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായുള്ള നടപടി സ്വീകരിക്കാൻ ഈ വകുപ്പിൽ നിന്നും 08/08/2018-ലെ നമ്പർ 17450/ഭരണ /2018 കത്ത് പ്രകാരം കേരള പബ്ളിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

11. എൻ. ജി. ഒ യൂണിയൻ ജനറൽ സെക്രട്ടറി ബഹു. നിയമവകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൻെറ അടിസ്ഥാനത്തിൽ പ്രസ്തുവിഷയം വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻെറ അടിസ്ഥാനത്തിൽ താഴെപറയുന്ന കാര്യങ്ങൾ പ്രസക്തമാണ്.

12. The Kerala Secretariat Subordinate Service Rules 1967 governs recruitment to the post of Legal Assistant Grade II. As per Rule 7 of the Service Rules, there are four sources or items for this recruitment. They are;

(i) Direct recruitment; or
(ii) Appointment from Assistant Tamil Translators, and Assistant Kannada Translators; or
(iii) Appointment or promotion from any other category in Kerala Secretariat Subordinate Service or

(iv)Transfer from any category in any Department under the Government or in the service of the High Court of Kerala.

13. Notes to Rule 7 specifies that 50% of vacancies shall be filled up by direct recruitment and appointment from Assistant Tamil Translators and Assistant Kannada Translators. Other 50% of the vacancies shall be filled up from items (iii) and (iv) in the ratio of 3:2. Mode of rotation from the sources shall be in a cycle of ten vacancies as follows;

1st vacancy - By the method specified in item (i) or (ii) of the method of appointment.

2nd vacancy - By the method specified in item (iii) of the method of appointment

3rd vacancy - By the method specified in item (i) or (ii) of the method of appointment

4th vacancy - By the method specified in item (iii) of the method of appointment

5th vacancy - By the method specified in item (i) or (ii) of the method of appointment.

6th vacancy - By the method specified in item (iii) of the method of appointment.

7th vacancy - By the method specified in item (i) or (ii) of the method of appointment.

8th vacancy - By the method specified in item (iv) of the method of appointment.

9th vacancy - By the method specified in item (i) or (ii) of the method of appointment.

10th vacancy- By the method specified in item (iv) of the method of appointment

14. In the absence of qualified persons for appointment from item (iii), such vacancies shall be filled up from item (iv) and vice versa. If qualified hands are not available in items (iii) and (iv), such vacancies shall be filled up by direct recruitment.

15.A Division Bench of the Hon'ble High Court in Neelakanda Kurup and Another Vs State of Kerala and Others (1996 KHC 250) had upheld the constitutionality of Rule 7 and held thus, ***"Ratio 3:2 fixed to appointment as Legal Assistant from items (iii) and (iv) and the rotation cycle introduced by R.4(a) is not arbitrary or violative of Art.14 of the Constitution of India".***

16. The ranked list for recruitment of Legal Assistant Grade II is valid and active. When ranked list valid, the Hon'ble Supreme Court in Bevil Katti and Others Vs Karnataka Public Service Commission and Others (1990 KHC 832) held thus, ***"Where advertisement is issued inviting applications for direct***

*recruitment to a category of posts, and the advertisement expressly states that selection shall be made in accordance with the existing Rules or Government Orders, if it further indicates the extent of reservations in favour of various categories, the selection of candidates in such a case must be made in accordance with the then existing Rules or Government Orders. Candidates who apply, and undergo written or viva voce test acquire vested right for being considered for selection in accordance with the terms and conditions contained in the advertisement, unless the advertisement itself indicates a contrary intention. A candidate has right to be considered in accordance with the terms and conditions set out in the advertisement as his right crystalises on the date of publication of advertisement, however he has no absolute right in the matter".*

17. In Maharashtra State Road Transport Corporation Vs R.B.Mandve(2001 (10) SCC) 51) the Hon'ble Supreme Court held thus, *"The Rules of the game, meaning thereby, that the criteria for selection cannot be altered by the authorities concerned in the middle or after the process of selection has commenced".* A Division Bench of the Hon'ble High Court in Sajitha B Vs State of Kerala and Others (2012 (1) KHC 141) held

thus, ***"No doubt, there cannot be any dispute with regard to the settled position of law that the Rules of game cannot be changed, once the game is started".***

*18.* The Hon'ble the Kerala Administrative Tribunal in OA 915/2012 held that, ***"The absence of a select list cannot be equated with absence of eligible candidates".*** Tribunal went further and directed the Government to report vacancies available to different streams to the post of Legal Assistant Grade II to the Kerala PSC. The direction was given in the absence of a valid ranked list.

However the current scenario is different, as a valid rank list is there for appointment. It's notification was issued as per Rule 7 of the Kerala Secretariat Subordinate Service Rules, 1967. So long as ranked list is valid, Rule 7 will govern the mode of recruitment, including passing over of vacancies from one source to another as per Notes to Rule 7. No special recruitment is permissible to fill up vacancies earmarked for Secretariat Subordinate Service Employees, because of passing over and recruitment shall be from the existing ranked list as per the mode in Rule 7.

19. പ്രസ്തുത ഉപദേശത്തിന്റെ വെളിച്ചത്തിൽ ലീഗൽ അസിസ്റ്റന്റ് (സെക്രട്ടേറിയറ്റ്) വിഭാഗം തസ്തികമാറ്റ നിയമനത്തിനായി പുതിയ വിജ്ഞാപനം

നം.17450/ഭരണII(2)/2018/നിയമം.

നം.19559/ഭരണII(2)/2018/നിയമം.

നിയമ (ഭരണ-II ) വകുപ്പ്

പുറപ്പെടുവിക്കുന്നതിന് ഈ വകുപ്പിൽ നിന്നും കേരള പബ്ളിക് സർവ്വീസ് കമ്മീഷന് അയച്ച 08/08/2018 തീയതിലെ നമ്പർ 17450/ഭരണ II(2)/2018 കത്ത് പിൻവലിക്കാവുന്നതാണോ എന്ന ഉത്തരവിനായി ഫയൽ ബഹു.നിയമവകുപ്പ് മന്ത്രിക്ക് ചക്രമണം ചെയ്യാവുന്നതാണ്.

K.S

M (Law) 1734

ബി.ജി. ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി

28/9/18

A.K. BALAN
Minister for Welfare of Scheduled Castes,
Scheduled Tribes, Backward Classes, Law,
Culture and Parliamentary Affairs

CM

മറ്റ് വിഭാഗങ്ങൾക്കുള്ള റാങ്ക് ലിസ്റ്റുകൾ
നിലനിൽക്കെ സെക്രട്ടേറിയറ്റ് വിഭാഗത്തിന്
മാത്രമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത്
ക്രമപ്രകാരമല്ലെന്ന് വിവിധ കോടതി ഉത്തരവു
കൾ വ്യക്തമാക്കുന്ന സാഹചര്യത്തിൽ
പി.എസ്.സി ക്ക് നൽകിയ കത്ത് പിൻവലി
ക്കുക. അതോടൊപ്പം ഇത്തരം നയപരമായ
തീരുമാനം ബഹു. മന്ത്രി കൂടി കണ്ടശേഷം ആയിരുന്നു പി.എസ്.സി ക്ക് എഴുതേണ്ടിയിരുന്നത്. ഇതിൽ ഗൗരവ
വീഴ്ചയുണ്ടായിട്ടുണ്ട്. അതിനുത്തരവാദികളായവരുടെ വിശദീകരണം സഹിതം സമർപ്പിക്കുക.

2/10/18

OFFICE OF THE CHIEF MINISTER
12305
28 SEP 2018
THIRUVANANTHAPURAM

CM

Secy. Law

Adm II

**ബഹു. നിയമവകുപ്പ് സെക്രട്ടറി മുമ്പാകെ, ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II (തസ്തികമാറ്റ നിയമനം - സെക്രട്ടറിയേറ്റ് വിഭാഗം) നിയമനത്തിന് യോഗ്യരായ (Eligible) സെക്രട്ടറിയേറ്റ് വിഭാഗം ജീവനക്കാർ സമർപ്പിക്കുന്ന നിവേദനം**

1. ഞങ്ങൾ സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പ്, നിയമവകുപ്പ്, ധനകാര്യ വകുപ്പ് എന്നിവയിലെ ജീവനക്കാരാണ്. 1967 ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരം നിയമവകുപ്പിലെ ***ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം)*** നിശ്ചയിച്ചിരിക്കുന്ന യോഗ്യത താഴെ പറയുന്നവയാണ്.

1. Degree in Law of any recoganized University
2. A minimum service of 3 years in Kerala Secretariat Subordinate Service.
3. Must be below 50 years of age.

ആയതിൻ പ്രകാരം പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ഞങ്ങൾ ***യോഗ്യരാണ് (eligibile)***.

2. Cat No. 121/2013, Cat No. 122/2013, Cat No. 123/2013 എന്നീ കാറ്റഗറി നമ്പർ പ്രകാരം യഥാക്രമം നേരിട്ടുള്ള നിയമനം, തസ്തികമാറ്റം (ഡിപ്പാർട്ടുമെന്റൽ വിഭാഗം), തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗം എന്ന രീതിയിൽ നിയമവകുപ്പിലെ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ അപേക്ഷ ക്ഷണിക്കുകയും ആയതു പ്രകാരം റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് നിയമനം നടന്നു വരികയുമാകുന്നു.

3. Cat No. 123/2013 എന്ന കാറ്റഗറി നമ്പർ പ്രകാരം തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗം റാങ്ക് ലിസ്റ്റിൽ നിലവിലുള്ള 23 പേരിൽ 21 പേർക്കും ഇപ്പോൾ പോസ്റ്റിംഗ് നൽകിയിട്ടുണ്ട്. ഇനിയും 2 പേർക്കു കൂടി നിയമനം നടത്തുവാനുള്ള വേക്കൻസി ഇപ്പോൾ നിയമവകുപ്പിൽ നിലവിലുള്ളതായി

അറിയാൻ കഴിഞ്ഞു. ടി നിയമനങ്ങളും കൂടി നടന്നാൽ തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗം റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്ത സാഹചര്യം ഉണ്ടാകും. ആയതു കൊണ്ട് ടി വിഭാഗത്തിനു അർഹതപ്പെട്ട റാങ്കുലിസ്റ്റ് അവസാനിക്കുന്ന സമയത്തുണ്ടാകുന്ന വേക്കൻസികൾ ഇതര വിഭാഗങ്ങളായ നേരിട്ടുള്ള നിയമനം, തസ്തികമാറ്റം (ഡിപ്പാർട്ടുമെന്റൽ വിഭാഗം) തുടങ്ങിയവയിലേക്ക് വകമാറ്റാൻ ഇടയുണ്ട്.

4. എന്നാൽ നിലവിൽ തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗത്തിന് അപേക്ഷിക്കുന്നതിന് യോഗ്യരായ ജീവനക്കാർ പൊതുഭരണ, നിയമ, ധനകാര്യ വകുപ്പിൽ ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗത്തിന് അർഹതപ്പെട്ട ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും, ആയതിലേക്ക് അടിയന്തരമായി പരീക്ഷ നടത്തി തസ്തികമാറ്റം (സെക്രട്ടേറിയേറ്റ്) വിഭാഗത്തിന് അർഹതപ്പെട്ട ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഒരുക്കണമെന്നും താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

**യോഗ്യരായ സെക്രട്ടറിയേറ്റ് വിഭാഗം ജീവനക്കാർ**

**ഉള്ളടക്കം**

**യോഗ്യരായ സെക്രട്ടറിയേറ്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ്**

നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ്

| Sl No. | Name | Category | Department | Signature |
|---|---|---|---|---|
| 1 | AJITHKUMAR. S | SR. GRADE COMPUTER ASST. | P&ARD (AVC I&IV) DEPT GAD | [signature] |
| 2. | Venugopalan Nair | Office attendant | P&ARD (ANC) GAD | [signature] |
| 3. | Shaji B.P. | Sr. Grade Assistant | GA (VFC-Annex) Dept | [signature] |
| 4 | Biju S | Assistant | Agri (NCA) Dept | [signature] |
| 5 | Kumari Rekha S.R. | Sr. Gr. Asst. | Rev (A) Dept | [signature] |
| 6 | Pradeep T.S | Comp. Asst. Gr I | Higher Edu (K) Dept | [signature] |

നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ്

| Sl No. | Name | Category | Department | Signature |
|---|---|---|---|---|
| 7 | AJAI K NAIR | Computer Assistant | Food & Civil Supplies | |
| 8. | SHABUKUMAR. S | Asst. Section officer | Food & Civil Supplies | |
| 9. | Shibu kumar K | Office Attendant | Revenue (Devaswoms) | |
| 10 | Ashok Kumar. P. | Office Attendant | Law (Department) | |
| 11 | Prasannachandran. P | office attendant | Law department | |
| 12 | Sajitha. S. | Computer Assistant | Finance (Pension cell) | |

നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ്

| Sl No. | Name | Category | Department | Signature |
|---|---|---|---|---|
| 13 | Deepa Baby | OA | Law Department | Deepa |
| 14. | Bharathy. C.S. | Computer Assistant | Law department | [illegible] |
| 15 | Meslin Saja. V | Computer Assistant | Law Department | [illegible] |
| 16 | KALA.T | Computer Assistant | Law Department | [illegible] |
| 17. | PRAJITHA. K.J. | Computer Assistant | Law Department | K.J.Prajith |
| 18. | Brajitha. M. | Computer Assistant | Law department | Brajitha |

| നിയമനത്തിന് യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് | | | | |
|---|---|---|---|---|
| **Sl No.** | **Name** | **Category** | **Department** | **Signature** |
| 19. | Sajeena. U. | Computer Assistant | Law department | [illegible] |
| 20 | Vidya S.K. | Confdl. Asst | Law Department | [illegible] |
| 21 | Dineshkumar. B.K | Office Attendant | Law Dept | [illegible] |
| 22 | Lalkrishnan | Asst. Sec. Officer | GAD | [illegible] |
| 23 | DEEPU. A S | Computer Assistant | GAD Revenue (Special cell) Department | [illegible] |
| 24 | Sivalal. | Assistant Section officer | P&ARD, AVC | Sivalal |

# കേരള സെക്രട്ടേറിയറ്റ് എംപ്ലോയീസ് അസോസിയേഷൻ

ടി.സി. 28/1086, തിരുവനന്തപുരം - 695 001. ഫോൺ : 2518160, 2334523
Fax :0471 - 2334523, E-mail: kseags@gmail.com website : www.ksea.in

പ്രസിഡന്റ് : **പി. ഹണി**
9846064948

ജനറൽ സെക്രട്ടറി : **കെ.എൻ. അശോക് കുമാർ**
9446407376

സൂചന:

SA
31-7-18
JS Admn

തീയതി ............ 31-07-2018

ബഹു. നിയമ വകുപ്പ് സെക്രട്ടറി

സർ,

നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത നിയമ ബിരുദവും, സെക്രട്ടേറിയറ്റിൽ മൂന്നു വർഷ സേവനവുമാണ്. അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് അപേക്ഷിക്കുന്നതിന് യോഗ്യരായ ഇരുപതിലധികം ജീവനക്കാർ നിലവിൽ സെക്രട്ടേറിയറ്റിലെ നിയമ- പൊതുഭരണ- ധനകാര്യ വകുപ്പിൽ ജോലി ചെയ്യുന്നുണ്ട്. ടി തസ്തികമാറ്റ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന ശിപാർശ ചെയ്യേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ്. അസിസ്റ്റന്റ് ഗ്രേഡ്-II (സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികമാറ്റ നിയമനത്തിന് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ കേവലം രണ്ട് ഉദ്യോഗാർത്ഥികൾ മാത്രമാണ് ഇനി നിയമനത്തിനായി അവശേഷിക്കുന്നത്. ഇവർ രണ്ടു പേരും നിലവിൽ ഗസറ്റഡ് തസ്തികകളിൽ ജോലി ചെയ്യുന്നവരാണ്. ഇവരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികയിലേക്ക് നിയമന ശിപാർശ ചെയ്യുമ്പോൾ പ്രസ്തുത ജോലിക്കായി ഹാജരായില്ലെങ്കിൽ ആയത് എൻ.ജെ.ഡി. ഒഴിവുകളായി റിപ്പോർട്ട് ചെയ്യേണ്ടി വരികയും കൂടാതെ ഭാവി നിയമനങ്ങൾക്ക് കാലതാമസം നേരിടാനും സാധ്യതയുണ്ട്. ആയതിനാൽ യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

(ഒപ്പ്)

(പി. ഹണി)

**കരട് കത്ത് - അംഗീകാരത്തിനു വേണ്ടി**

ഭരണഭാഷ – മാതൃഭാഷ

**കേരള സർക്കാർ**

**നിയമ (ഭരണ II) വകുപ്പ്**

നമ്പർ: 17450/ഭരണ-II(2)/2018/നിയമം തീയതി, തിരുവനന്തപുരം, .../08/2018

നിയമ സെക്രട്ടറി,
നിയമ വകുപ്പ്

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം- 4

സർ,

വിഷയം: നിയമ (ഭരണ-II) വകുപ്പ് - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ നിയമനത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 25/09/2017 തീയതി പ്രാബല്യത്തിൽ കാറ്റഗറി നം. 123/2013 (സെക്രട്ടേറിയറ്റ് വിഭാഗം) നായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നം. 907/2017/SSVII
2. ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം സെക്രട്ടേറിയറ്റ് വിഭാഗം) നിയമനത്തിന് യോഗ്യരായ 24 സെക്രട്ടേറിയറ്റ് ജീവനക്കാരുടെ 31/07/2018 തീയതിയിലെ നിവേദനം.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകളിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായി സൂചന ഒന്ന്

പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ കേവലം 2 ഉദ്യോഗാർത്ഥികൾ മാത്രമാണ് നിയമനത്തിനായി അവശേഷിക്കുന്നത്. അവർ രണ്ട് പേരും നിലവിൽ ഗസറ്റഡ് തസ്തികകളിലാണ് ജോലി ചെയ്യുന്നത്. ഇവരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികയിലേക്ക് നിയമന ശിപാർശ ചെയ്യുമ്പോൾ പ്രസ്തുത ജോലിക്കായി ഹാജരായില്ലെങ്കിൽ ആയത് എൻ.ജെ.ഡി. ഒഴിവുകളായി റിപ്പോർട്ട് ചെയ്യേണ്ടി വരികയും കൂടാതെ ഭാവി നിയമനങ്ങൾക്ക് കാലതാമസം നേരിടാനും സാധ്യതയുണ്ട്. ആയതിനാൽ യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി (കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകളിൽ നിന്നുള്ള തസ്തികമാറ്റ നിയമനം) പ്രതീക്ഷിത ഒഴിവുകൾ നികത്തുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ബി.ജി. ഹരീന്ദ്രനാഥ്,**
നിയമ വകുപ്പ്

ഭരണഭാഷ – മാതൃഭാഷ

**കേരള സർക്കാർ**

**നിയമ (ഭരണ II) വകുപ്പ്**

നമ്പർ: 17450/ഭരണ-II(2)/2018/നിയമം തീയതി, തിരുവനന്തപുരം, 08/08/2018

നിയമ സെക്രട്ടറി,
നിയമ വകുപ്പ്

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം- 4

സർ,

വിഷയം: നിയമ (ഭരണ-II) വകുപ്പ് - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ നിയമനത്തിന് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 25/09/2017 തീയതി പ്രാബല്യത്തിൽ കാറ്റഗറി നം. 123/2013 (സെക്രട്ടേറിയറ്റ് വിഭാഗം) നായി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നം. 907/2017/SSVII
2. ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം സെക്രട്ടേറിയറ്റ് വിഭാഗം) നിയമനത്തിന് യോഗ്യരായ 24 സെക്രട്ടേറിയറ്റ് ജീവനക്കാരുടെ 31/07/2018 തീയതിയിലെ നിവേദനം.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകളിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായി സൂചന ഒന്ന്

പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ കേവലം 2 ഉദ്യോഗാർത്ഥികൾ മാത്രമാണ് നിയമനത്തിനായി അവശേഷിക്കുന്നത്. അവർ രണ്ട് പേരും നിലവിൽ ഗസറ്റഡ് തസ്തികകളിലാണ് ജോലി ചെയ്യുന്നത്. ഇവരെ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) തസ്തികയിലേക്ക് നിയമന ശിപാർശ ചെയ്യുമ്പോൾ പ്രസ്തുത ജോലിക്കായി ഹാജരായില്ലെങ്കിൽ ആയത് എൻ.ജെ.ഡി ഒഴിവുകളായി റിപ്പോർട്ട് ചെയ്യേണ്ടി വരികയും കൂടാതെ ഭാവി നിയമനങ്ങൾക്ക് കാലതാമസം നേരിടാനും സാധ്യതയുണ്ട്. ആയതിനാൽ യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി (കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകളിൽ നിന്നുള്ള തസ്തികമാറ്റ നിയമനം) പ്രതീക്ഷിത ഒഴിവുകൾ നികത്തുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ബി.ജി. ഹരീന്ദ്രനാഥ്,

നിയമ വകുപ്പ്

E - 281 /2018/ MIN (SCDD)

Phone : 0471 - 2314367
Fax : 0471 - 2315694
Web:www.keralan union.in
e-mail : ngouniontvpm@gmail.com
ngounionjubilee@gmail.com

# KERALA N.G.O. UNION

N. G. O. UNION BUILDING
P.M.G. JN., THIRUVANANTHAPURAM - 695 033

President : **E. PREMKUMAR** Gl. Secretary : **T.C. MATHEWKUTTY**

Scrutiny Exp. Put up

29.08.2018

ബഹു: നിയമവകുപ്പുമന്ത്രി
തിരുവനന്തപുരം

സർ,

19559
6 2018

വിഷയം :- (1) നിയമവകുപ്പ് - ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II - തസ്തികയിലേക്കുള്ള നിയമനം - നിലവിലുള്ള അനുപാതം സംരക്ഷിക്കുന്നത് സംബന്ധിച്ച്.
(2) 17.04.2018 ന് യൂണിയൻ നൽകിയ നിവേദനം.

A.K. BALAN
Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs

4/9/18

നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് നിയമനം നടത്തുന്നത് 1967 ലെ സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് വിശേഷാൽ ചട്ടങ്ങൾ അനുസരിച്ചാണ്. ഇതനുസരിച്ച് അമ്പത് ശതമാനം നേരിട്ടുള്ള നിയമനവും ശേഷിക്കുന്ന അമ്പത് ശതമാനത്തിൽ 3:2 അനുപാതത്തിൽ സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവ്വീസിലുള്ളവരിൽ നിന്നും പ്രമോഷൻ വഴിയും മറ്റു സർക്കാർ വകുപ്പുകളിലുള്ളവരിൽ നിന്നും ബൈട്രാൻസ്ഫർ നിയമനത്തിലൂടെയുമാണ് നിയമിക്കുന്നത്. ഒഴിവുകൾ പത്ത് എണ്ണത്തിന്റെ സൈക്കിൾ കണക്കാക്കി 1, 3, 5, 7, 9 ഒഴിവുകളിൽ നേരിട്ടുള്ള നിയമനവും 2, 4, 6 ഒഴിവുകൾ സെക്രട്ടറിയേറ്റ് സബോർഡിനേറ്റ് സർവ്വീസിലുള്ളവരിൽ നിന്നും 8, 10 ഒഴിവുകൾ മറ്റു വകുപ്പുകളിൽ നിന്നുള്ളവർക്ക് ബൈട്രാൻസ്ഫർ വഴിയും പി.എസ്.സി നടത്തുന്ന പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമിക്കുന്നത്. ഇതുപ്രകാരം തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് ഒരുവിഭാഗത്തിൽ അർഹരായ ഉദ്യോഗാർത്ഥികളില്ലെങ്കിൽ മറ്റ് വിഭാഗത്തിൽ നിന്നും രണ്ടിലും ഉദ്യോഗാർത്ഥികളില്ലെങ്കിൽ നേരിട്ടുള്ള നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

JS Law may examine. Put up

നിലവിൽ സെക്രട്ടറിയേറ്റ് സർവ്വീസിൽ നിന്ന് തസ്തികമാറ്റം വഴി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേരെയും നിയമിച്ച് കഴിഞ്ഞിട്ടുണ്ട്. ഈ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴി നിയമിക്കേണ്ട ഒഴിവിലേക്ക് വീണ്ടും ഈ വിഭാഗത്തിനുമാത്രമായി പി.എസ്.സി പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നീക്കം നടക്കുന്നുണ്ടെന്ന് അറിയുന്നു. അങ്ങനെ വന്നാൽ നിലവിലുള്ള നിയമനവ്യവസ്ഥക്ക് വിരുദ്ധവും മറ്റു വകുപ്പുകളിൽ നിന്നും ബൈട്രാൻസ്ഫർ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരോടുള്ള നീതി നിഷേധവുമാവും.

ഈ സാഹചര്യത്തിൽ നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള നിയമനവ്യവസ്ഥ തുടരാനും നിലവിലുള്ള അനുപാതം സംരക്ഷിക്കാനും നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

O/o Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs

വിശ്വസ്തതയോടെ

ജനറൽ സെക്രട്ടറി

Admn II 520

Website: www.keralapsc.gov.in
e-mail: kpsc.psc@kerala.gov.in

Telephone:0471-2546281

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

SA 6-2-18 JS Admn

നമ്പർ. ജി.ആർ. II C (2) 16480 /11/GW

തിരുവനന്തപുരം
തീയതി: 26.09.2018

കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ്
21587
5 OCT 2018

പ്രേഷിതൻ

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം

സ്വീകർത്താവ്

സെക്രട്ടറി
നിയമ വകുപ്പ്,
തിരുവനന്തപുരം

സർ,

വിഷയം : നിയമ (ഭരണ II) വകുപ്പ്- ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II (തസ്തികമാറ്റ നിയമനം -സെക്രട്ടേറിയറ്റ് വിഭാഗം) പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 08.08.2018 തീയതിയിലെ താങ്കളുടെ 17450/ഭരണ II (2) 2018 /നിയമം നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ വിജ്ഞാപന നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

5/10

സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

Phone : 0471-2314367

O/C


ബി. ജി. ഹരീന്ദ്രനാഥ്
നിയമ സെക്രട്ടറി

നിയമ വകുപ്പ്, കേരള സർക്കാർ
തിരുവനന്തപുരം-695 001

ഫോൺ
ഓഫീസ് : 0471-2518383
0471-2332955
ഫാക്സ് : 0471-2332955
മൊബൈൽ : 9447006066

ഇ-മെയിൽ : secy.law@kerala.gov.in
bgharindranath@gmail.com


തീയതി: 02/11/2018

നം.17450/ഭരണ-II(2)/18/നിയമം

സ്വീകർത്താവ്

സെക്രട്ടറി
കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം:- നിയമ ഭരണ (II) വകുപ്പ് - ലീഗൽ അസി. ഗ്രേഡ്-II (തസ്തികമാറ്റ നിയമനം - സെക്രട്ടേറിയറ്റ് വിഭാഗം) - ലീഗൽ അസി. ഗ്രേഡ്-II സെക്രട്ടേറിയറ്റ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വകുപ്പിൽനിന്നും നൽകിയ കത്ത് പിൻവലിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 08/08/2018 തീയതിയിലെ സർക്കാർ കത്ത് നം.17450/ഭരണ-II(2)/18/നിയമം

മേൽ സൂചന പ്രകാരം യോഗ്യരായ സെക്രട്ടേറിയറ്റ് വിഭാഗം ജീവനക്കാർക്ക് വേണ്ടി (കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിൽനിന്നുള്ള തസ്തികമാറ്റ നിയമനം) പ്രതീക്ഷിത ഒഴിവു നികത്തുന്നതിനായി പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു.

സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിന്റെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രസ്തുത വിഷയം വീണ്ടും പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങൾക്കുള്ള റാങ്ക് ലിസ്റ്റ് നിലനിൽക്കെ സെക്രട്ടേറിയറ്റ് വിഭാഗത്തിന് മാത്രമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ക്രമപ്രകാരമല്ലെന്ന് കണ്ടെത്തുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ നിയമവകുപ്പിൽനിന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന് അയച്ച 08/08/2018-ാം തീയതിയിലെ 17450/ഭരണ-II(2)/18/നിയമം നമ്പർ കത്ത് പിൻവലിച്ചതായി കണക്കാക്കേണ്ടതും അതിൻമേൽ യാതൊരു തുടർനടപടിയും ആവശ്യമില്ല എന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ,